ഉപമുഖ്യമന്ത്രി (ശ്രീ. കെ. അവുക്കാദർക്കുട്ടിനഹ): സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ നിലവിലുള്ള നിയമപ്രകാരം രണ്ട് റോഡുകളും ഓക്ഷൻ ആയിട്ടുള്ളതാണ്. ആദ്യം പറഞ്ഞ റോഡ് കുറെ വർക്ക് ചെയ്തു കോൺട്രാക്ടർ ഇട്ടിട്ടുപോയി. അദ്ദേഹത്തിന് വർക്ക് പൂർത്തിയാക്കണമെന്നുകാണിച്ച് ഫൈനൽ നോട്ടീസ് നടത്തി. വർക്ക് ചെയ്യാത്തതുകൊണ്ട് അദ്ദേഹത്തിന്റെ റിസ്ക് ആൻഡ് കോസ്റ്റിൽ മറെറാരു കോൺട്രാക്ടറെ ഏൽപ്പെടുത്താനുള്ള നടപടി സ്വീകരിച്ചുവരുന്നു. രണ്ടാമത്തെ വർക്ക് അത്രത്തോളമെത്തിയിട്ടില്ല. കരാറുകാരൻ കുറെ പണി ചെയ്തു. ഇപ്പോഴം നിശ്ചലാവസ്ഥയിലാണ്. പണി ആരംഭിക്കുവാൻ നോട്ടീസ് നൽകിയിട്ടുണ്ട്. 1987 മാർച്ചിലാണ് ഇതിന്റെ കാലാവധി. പണി തീർക്കുന്നില്ലായെങ്കിൽ അദ്ദേഹത്തിന്റെ റിസ്ക് ആൻഡ് കോസ്റ്റിൽ വേറെ കരാറു കൊടുക്കേണ്ടിവരും.

(2) വൈക്കം താലൂക്കിലെ കല്ലറ, കടുത്തുരുത്തി, മുട്ടുചിറ വില്ലേജുകളിലെ കൃഷി നശിച്ചവർക്ക്·സാമ്പത്തിക സഹായം നൽകണമെന്ന ആവശ്യം

[ശ്രീ. പി. സി. തോമസ് (കടുത്തുരുത്തി): സർ, കോട്ടയം ജില്ലയിൽ വൈക്കം താലൂക്കിൽപ്പെട്ട കല്ലറ, കടുത്തുരുത്തി, മുട്ടുചിറ വില്ലേജുകളിലെ പുഞ്ചപ്പാടങ്ങളിലേയും കരിനിലങ്ങളിലെയും കൃഷി പൂർണ്ണമായി നശിച്ചിരിക്കുകയാണ്. കാലാവസ്ഥാനിരീക്ഷകർപോലും കാലവർഷം കാലേക്കൂട്ടി ഉണ്ടാകുമെന്ന് പ്രവചിച്ചെങ്കിലും കാലവർഷം വൈകിപ്പോയി. ഇടവമാസാരംഭത്തിൽ ഈ പാടശേഖരങ്ങളിൽ പതിവുപോലെ കൃഷിയിറക്കി. മഴ ലഭിക്കാത്തതുകൊണ്ട് പുളിരസമുള്ള ഈ പാടങ്ങളിൽ 20, 25 ദിവസം പ്രായംചെന്ന നെൽച്ചെടികൾ വേരു പിടിക്കാതെ വാടിപ്പോവുകയാണുണ്ടായത്. ഈ കർഷകർ രണ്ടാമതും തങ്ങളുടെ പാടങ്ങളിൽ കൃഷിയിറക്കിയെങ്കിലും മഴ കാര്യമായി ലഭിക്കാത്തതുകൊണ്ടല്ല വെള്ളപ്പൊക്കംമൂലം ആ കൃഷിയും നശിച്ചിരിക്കുകയാണ്. പവർക്കട്ടുകൊണ്ട് പാടത്തെ വെള്ളം വറ്റിക്കാൻ സാധിക്കുന്നില്ല. കൂനിൻമേൽക്കുരു എന്നപോലെ ആ പ്രദേശത്തുള്ള കർഷകർ ആകെപ്പാടെ രണ്ടുപ്രാവശ്യം കൃഷിയിറക്കിയിട്ടും കൃഷി മുഴുവനും നശിച്ചു. കൃഷിക്കാർ സാമ്പത്തികമായി തകർന്നിരിക്കുകയാണ്. ഗവൺമെൻറിന്റെ ഉത്തരവാദിത്വം ഈ കർഷകരുടെമേൽ ഉണ്ടെന്നുള്ളതുകൊണ്ട് അവർക്ക് സാമ്പത്തികമായി ആശ്വാസം നൽകണമെന്ന് ഞാൻ ബഹുമാനപ്പെട്ട ഗവൺമെൻറിനോട് അഭ്യർത്ഥിക്കുകയാണ്.

കൃഷിവകുപ്പുമന്ത്രി (ശ്രീ.എൻ. സുന്ദരൻ നാടാർ): സർ, കോട്ടയം ജില്ലയിൽ കടുത്തുരുത്തി, കല്ലറ എന്നീ പഞ്ചായത്തുകളിൽപ്പെട്ട 1200-ലധികം ഏക്കർ വിസ്തീർണ്ണമുള്ള നെൽപ്പാടങ്ങളിൽ കൃഷി നാശമുണ്ടായിട്ടുണ്ട്. ഇതുമൂലം 1000-ലധികം കർഷകർക്ക് സാമ്പത്തിക ബുദ്ധിമുട്ടുണ്ടായിട്ടുള്ളതുകൊണ്ട്, അവർക്ക് സാമ്പത്തിക സഹായം നൽകുന്നതിനുള്ള നടപടികളെടുത്തുകൊണ്ടിരിക്കുകയാണ്. കൃഷിവകുപ്പിലെ ഉദ്യോഗസ്ഥൻമാർ സ്ഥലം സന്ദർശിക്കുകയും, നാശനഷ്ടക്കണക്കുകൾ തിട്ടപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. മറ്റു നടപടികളും പൂർത്തിയാക്കി നാശനഷ്ടം വന്ന കർഷകർക്ക് അർഹതപ്പെട്ട സാമ്പത്തിക സഹായം കഴിയുന്നതുംവേഗം നൽകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly